LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി കൊണ്ടുവരാൻ ലൈൻ സംവിധാനം

30 (7866) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനായി ആവശ്യമായ വൈദ്യുത ലൈൻ ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി)ലൈൻ സ്ഥാപിക്കുന്ന കാര്യത്തിൽ നിലവിലുള്ള പ്രതിബന്ധങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) രാജ്യത്തെ മറ്റ് മേഖലകളിൽനിന്ന് ദക്ഷിണേന്ത്യയിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. എന്നാൽ 2x765 KV SC Racchur-Sholapur പ്രസരണ ലൈൻ കമ്മീഷൻ ചെയ്യുന്നതിലൂടെ ടി പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാമെന്ന് കരുതുന്നു. കേരളത്തിനു പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകൾ പ്രധാനമായും പവർഗ്രിഡ് കോർപ്പറേഷനോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് case 1 bid വഴി തെരഞ്ഞെടുത്ത സ്വകാര്യ ലൈസൻസികളോ ആണ് നിർമ്മിക്കുന്നത്. കൂടാതെ മറ്റ് മേഖലകളിൽനിന്ന് ദക്ഷിണേന്ത്യയിലേക്ക് കൂടുതൽ ലൈൻ നിർമ്മിക്കണമെന്നുള്ള ആവശ്യം കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, പവർഗ്രിഡ് കോർപ്പറേഷൻ തുടങ്ങിയ വിവിധ ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. CEA, SRPC തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ ട്രാൻസ്മിഷൻ പ്ലാനിംഗ് സംബന്ധമായ വിഷയങ്ങളിൽ നടത്തുന്ന മീറ്റിംഗുകളിൽ ബോർഡ് ടി വിഷയങ്ങൾ ഉന്നയിക്കുന്നുമുണ്ട്. എന്നാൽ, ലൈൻ വലിക്കുന്നതിന് സ്ഥലം ലഭിക്കാത്തതിനാലും തദ്ദേശവാസികളുടെ എതിർപ്പും വനം പരിസ്ഥിതി അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും കാരണം പവർഗ്രിഡ് കോർപ്പറേഷനും മറ്റ് ലൈസൻസികൾക്കും സമയബന്ധിതമായി ട്രാൻസ്മിഷൻ ലൈനുകൾ സ്ഥാപിക്കാൻ കഴിയാറില്ല.

കെ.എസ്.ഇ.ബി.യിൽ കസ്റ്റമർ കെയർ സംവിധാനം

31 (7867) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ പരാതി പരിഹാരത്തിനായി കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;